**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *253 | 18.07.2016-ൽ മറുപടിയ്ക്ക്

# മരാമത്ത് പണികളുടെ 'ക്വാളിറ്റി ഓഡിറ്റിംഗ്'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.മുകേഷ്<br>,, കെ.സുരേഷ് കുറുപ്പ്<br>,, എസ്.രാജേന്ദ്രൻ<br>,, കാരാട്ട് റസാഖ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) മരാമത്ത് പണികളുടെ 'ക്വാളിറ്റി ഓഡിറ്റിംഗ് ' നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) മരാമത്ത് പണികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സി. എഞ്ചിനീയറുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും, മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അതിന് ആവശ്യമായ വ്യവസ്ഥകൾ പുതുക്കിയ പൊതുമരാമത്ത് മാന്വലിലും, ക്വാളിറ്റി മാന്വലിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനി മുതൽ സ്വതന്ത്ര ഏജൻസിയെ കൊണ്ട് ഗുണനിലവാര ഓഡിറ്റിംഗ് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് മാന്വൽ ചട്ടം 2406 പ്രകാരം 5 കോടി രൂപയ്ക്കു മുകളിൽ കരാർ തുക വരുന്ന പണികൾക്ക് വകുപ്പിന് പുറമേയുള്ള ഏജൻസിയോ, വിദഗ്ധനെയോ ഉപയോഗിച്ച് പണി പൂർത്തിയാകുന്ന ഉടനെ തന്നെ ടെക്നിക്കൽ ആഡിറ്റിംഗ് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പൊതുമരാമത്തിനായുള്ള പുതിയ ക്വാളിറ്റി മാനുവലിലെയും ലബോറട്ടറി മാനുവലിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) പുതിയ ക്വാളിറ്റി മാനുവലിലെയും ലബോറട്ടറി മാനുവലിലെയും വ്യവസ്ഥകൾ പാലിക്കുന്നതിന് 14 ജില്ലാ ആസ്ഥാനങ്ങളിലും ലാബുകൾ 2013 മുതൽ പ്രവർത്തനം തുടങ്ങി. വകുപ്പിലെ എല്ലാ എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കും ആവശ്യമായ നിർദ്ദേശങ്ങളും ക്ലാസുകളും നൽകി വരുന്നു. കൂടാതെ കരാറുകാർക്കും അവരുടെ എഞ്ചിനീയർമാർക്കും ഇതിനാവശ്യമായ പരിശീലനവും നൽകി വരുന്നു. പൊതുമരാമത്ത് വകുപ്പിലെ കരാർ |

വ്യവസ്ഥകളിലും ഇതിനാവശ്യമായ ഭേദഗതികളും മറ്റ് വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചീഫ്എഞ്ചിനീയർ ഡിസൈന്റെ കീഴിൽ ഡയറക്ടർ (I&QC) ആണ് മൊത്തത്തിൽ ഈ ക്രമീകരണങ്ങളുടെ ചുമതല വഹിക്കുന്നത്. പൊതുമരാമത്ത് റോഡ്, പാലങ്ങൾ, കെട്ടിടവിഭാഗങ്ങൾ എന്നിവയുടെ കരാർ പ്രവൃത്തിയുടെ വിവരങ്ങൾ ശേഖരിച്ച് തെരഞ്ഞെടുക്കപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ട്. ഈ രണ്ടാംതല ഗുണനിലവാര പരിശോധന റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ ആയവ സംബന്ധിച്ച് റിപ്പോർട്ട് വകുപ്പിന്റെ വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് തുടർ നടപടികൾക്കായി അയക്കുകയും ചെയ്യുന്നുണ്ട്.

**(സി)** പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്ന എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും രൂപകൽപനയിൽ ഗ്രീൻ ബിൽഡിംഗ് കൺസെപ്റ്റ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം പരിസ്ഥിതി സൗഹൃദരീതിയിൽ ഗ്രീൻ ബിൽഡിംഗ് സങ്കൽപത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനം, അന്തരീക്ഷ ജലമലിനീകരണം കുറയ്ക്കുക എന്നിവ വഴി ആവാസ വ്യവസ്ഥയെയും ജൈവ വൈവിധ്യത്തേയും സംരക്ഷിച്ച് പരിസ്ഥിതിയ്ക്കുണ്ടാകുന്ന ആഘാതം പരമാവധി കുറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് വകുപ്പിലെ വാസ്തുശിൽപ വിഭാഗം 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപകൽപനകളും ഹരിത നിർമ്മാണ തത്വങ്ങൾക്ക് അനുസരിച്ചാണ് ചെയ്തു വരുന്നത്. പുതിയ കെട്ടിടങ്ങളും ഇതേ രീതിയിലാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

**(ഡി)** പൊതുമരാമത്ത് പ്രവൃത്തികളിൽ 'സോഷ്യൽ ഓഡിറ്റിംഗ് ' നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

(ഡി) സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇത് ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**